## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3643 — 23.08.2017-ൽ മറുപടിയ്ക്ക്

### കാരുണ്യ ബെനവലന്റ് പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ്പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ; വിശദമാക്കുമോ; | (എ) | കാരുണ്യ ബനവലന്റ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br>1. കാരുണ്യ പദ്ധതിയുടെ സോഫ്റ്റ് വെയർ നവീകരിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി. നവീകരണം അന്തിമ ഘട്ടത്തിലാണ്.<br>2. കോൺട്രാക്റ്റ് അടിസ്ഥാനത്തിലും, ദിവസവേതനാടിസ്ഥാനത്തിലും, ഭാഗ്യക്കുറി വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.<br>3. വൃക്ക രോഗികളുടെ ചികിത്സാ ധനസഹായം രണ്ട് ലക്ഷത്തിൽ നിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.<br>4. കാരുണ്യ ബനവലന്റ് പദ്ധതിയ്ക്കുള്ള ബഡ്ജറ്റ് വിഹിതമായി കഴിഞ്ഞ സാമ്പത്തിക വർഷം 250 കോടി രൂപയാണ് അനുവദിച്ചത്. ഈ സാമ്പത്തിക വർഷം ഇത് 350 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഏറനാട് മണ്ഡലത്തിൽ നിന്നും പ്രത്യേക അനുമതിക്കായി ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്; അപേക്ഷ ലഭിച്ച തീയതി, തുക ഉൾപ്പെടെ വിശദാംശം നൽകുമോ? | (ബി) | പ്രത്യേക അനുമതി നൽകുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിലാണ് സൂക്ഷിക്കുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക അനുമതി നൽകിയതിൽ ഏറനാട് എന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1. ശ്രീ.സുരേഷ് കുമാർ 26/12/16-ലെ അപേക്ഷ 42,000/- രൂപ<br>2. ശ്രീ.മൊയ്തീൻകുട്ടി 15.10.16-ലെ അപേക്ഷ 65,000/- രൂപ<br>3. ശ്രീമതി• ശ്രീദേവി 21.04.17-ലെ അപേക്ഷ 65,000/- രൂപ.<br>4. ശ്രീ.ഫിറോസ് ബാബു 23.01.15-ലെ അപേക്ഷ 60,000/- രൂപ<br>5. ശ്രീ.രാജൻ.ഒ.കെ. 04.12.14-ലെ അപേക്ഷ 44,000/- രൂപ.<br>6. ശ്രീ.മുഹമ്മദ്.കെ.കെ. 05.12.14-ലെ അപേക്ഷ 65,000/- രൂപ.<br>7. ശ്രീ.മുഹമ്മദ്.പി. 10.06.14-ലെ അപേക്ഷ 65,000/- രൂപ |

**സെക്ഷൻ ഓഫീസർ.**